ഉത്തരം

(എ) സംസ്ഥാനത്ത് വിവിധ കോടതികളിൽ നിലവിലുള്ള അനധികൃത ലോട്ടറി കേസ്സുകളിൽ സുപ്രീംകോടതിയിൽ നിലവിലുള്ള സിവിൽ അപ്പീലിന്മേൽ അന്തിമ തീരുമാനം ആകുന്നതുവരെ തുടർനടപടികൾ നിർത്തിവയ്ക്കേണ്ടതിന്റെ ആവശ്യകത ബന്ധപ്പെട്ട കോടതികളെ ധരിപ്പിക്കണമെന്ന് പോലീസ് വകുപ്പിനെ അറിയിച്ചിട്ടുണ്ട്.

(ബി) കേസ്സുകൾ പിൻവലിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

(സി) ബഹു. സുപ്രീംകോടതിയിൽ മേഘാലയ സർക്കാരും മറ്റൊരാളും ഫയൽ ചെയ്ത കോടതിയലക്ഷ്യ കേസ്സിൽ സംസ്ഥാന സർക്കാരിനെതിരെ ശിക്ഷ ഒഴിവാക്കുന്നതിനായി കേന്ദ്ര ഭാഗ്യക്കുറി നിയന്ത്രണ നിയമം സെക്ഷൻ 4-ലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഭാഗ്യക്കുറികൾക്കെതിരെ ഫയൽ ചെയ്ത കേസുകളിലെ FIR-മേൽ തുടർ നടപടികൾ സ്വീകരിക്കില്ലെന്നും, മേലിൽ പുതിയ FIRരജിസ്റ്റർ ചെയ്യില്ലെന്നും സംസ്ഥാന സർക്കാർ സത്യവാങ്മൂലം നൽകിയിട്ടുണ്ട്. ഈ സത്യവാങ്മൂലം അംഗീകരിച്ചുകൊണ്ട് ബഹു. സുപ്രീംകോടതി കോടതിയലക്ഷ്യ നടപടികൾ അവസാനിപ്പിക്കുകയുണ്ടായി.

(ഡി) സുപ്രീംകോടതിയിൽ നിലനിൽക്കുന്ന സിവിൽ അപ്പീലിൽ അന്തിമ തീർപ്പിന് വിധേയമായി നടപടികൾ സ്വീകരിക്കുന്നതാണ്.

ഒറ്റ നമ്പർ ലോട്ടറി നിരോധനം

26(1302) ശ്രീ. കെ. നാരായണക്കുറുപ്പ്:

ശ്രീ. തോമസ് ചാഴികാടൻ:

ശ്രീ. റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റ നമ്പർ ലോട്ടറി നിരോധനം പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) അനധികൃതമായി ഒറ്റ നമ്പർ ലോട്ടറികൾ സംസ്ഥാനത്ത് നടത്തുന്നതായിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചെന്ന് അറിയിക്കാമോ;

(ഡി) വ്യാജലോട്ടറി വിൽപ്പന തടയുന്നതിനും നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും സംസ്ഥാന ഭാഗ്യക്കുറി കൂടുതൽ ആകർഷകമാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഇപ്പോഴില്ല. ശ്രദ്ധയിൽപ്പെടുത്തിയാൽ നടപടി എടുക്കുന്നതാണ്.

(സി) ഉദിക്കുന്നില്ല.

(ഡി) 2005-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള നികുതി നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള നിരക്കിൽ നികുതി അടയ്ക്കുന്ന ഭാഗ്യക്കുറികളുടെ ടിക്കറ്റുകൾ മാത്രമേ സംസ്ഥാനത്ത് വിൽക്കാൻ അനുവാദം നൽകുന്നുള്ളൂ. സംസ്ഥാന ഭാഗ്യക്കുറി പുനരാംഭിച്ചതിന്ശേഷം ഈയിനത്തിലുള്ള നികുതി വരുമാനത്തിൽ ഗണ്യമായ വർദ്ധന ഉണ്ടായിട്ടുണ്ട്. സംസ്ഥാന ഭാഗ്യക്കുറിയുടെ സമ്മാനഘടനയും മറ്റു വ്യവസ്ഥകളും തികച്ചും ആകർഷണീയമാണെന്ന് സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകളുടെ വർദ്ധിച്ചുവരുന്ന വില്പനയിൽ നിന്നും വ്യക്തമാണ്.

സഹകരണ ബാങ്കുകൾ ട്രഷറിയിൽ നിക്ഷേപിച്ച തുക

27(1303) ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ട്രഷറിയിലെ നിക്ഷേപങ്ങളിൽ തിരിച്ച് നൽകേണ്ടുന്നവ ആകെ എത്ര കോടി രൂപയാണെന്ന് വെളിപ്പെടുത്താമോ;

(ബി) സഹകരണ ബാങ്കുകൾ ട്രഷറിയിൽ നിക്ഷേപിച്ച തുകയിൽ ഇനിയും തിരിച്ച് നല്കേണ്ടുന്ന തുക പലിശ സഹിതം എത്രയാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ട്രഷറിയിൽ 31-10-2005-ലെ കണക്കനുസരിച്ച് 6348.71 കോടി രൂപയുടെ നിക്ഷേപമുണ്ട്. ഇതിൽ ട്രഷറി സേവിംഗ്സ് ബാങ്ക് നിക്ഷേപവും സ്ഥിര നിക്ഷേപവും ഉൾപ്പെടുന്നു. ഇതിൽ 340.19 കോടി രൂപ ട്രഷറി സ്മോൾ സേവിംഗ്സ് ഫിക്സഡ് ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റ് (TSFDC) എന്ന ഇനത്തിൽ പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളിൽ നിന്നും കോ-ഓപ്പറേറ്റീവ് അക്കാഡമിക് (CAPE) സാമ്പത്തിക സഹായം നൽകുന്നതിനാവിഷ്ക്കരിച്ച പദ്ധതി പ്രകാരം സ്വരൂപിച്ചതാണ്. ഈ തുക 2006-2007 സാമ്പത്തിക വർഷം 709.54 കോടി രൂപയായി തിരിച്ചു നൽകേണ്ടതായുണ്ട്.

(ബി) മേൽപ്പറഞ്ഞ തുകയിൽ സഹകരണ ബാങ്ക് നിക്ഷേപിച്ച തുകയും അതിന്മേലുള്ള പലിശയും സംബന്ധിച്ച വിശദാംശങ്ങൾ സംസ്ഥാനത്തെ വിവധി ട്രഷറികളിൽ നിന്നും ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly